LIBRARY ARCHIVES Kerala Legislative Assembly

സ്വാതന്ത്ര്യ സമരസേനാനി കേളപ്പജിക്ക് സ്മാരകം നിർമ്മിക്കുന്നതിനുള്ള നടപടികൾ

94 (1530) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വാതന്ത്ര്യ സമര സേനാനി കേരള ഗാന്ധി കേളപ്പജിയ്ക്ക് സ്മാരകം നിർമ്മിക്കുന്നതിന് നടപടികൾ ആവശ്യപ്പെട്ട് സ്ഥലം എം.എൽ.എ. സർക്കാരിൽ നൽകിയ നിവേദനത്തിൽ നടപടികൾ എവിടെവരെ എത്തി എന്നത് വിശദമാക്കാമോ ;

(ബി) ഈ സർക്കാരിന്റെ കാലയളവിൽ തന്നെ സ്മാരകം യാഥാർത്ഥ്യമാകുമോ ?

ഉത്തരം

(എ) സ്വാതന്ത്ര്യ സമരസേനാനി, കേരളഗാന്ധി കേളപ്പജിക്ക് സ്മാരകം നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ റിപ്പോർട്ടിനായി കോട്ടയം ജില്ലാ കളക്ടർക്ക് അയച്ചുകൊടുത്തിട്ടുണ്ട്.

(ബി) സ്മാരക നിർമ്മാണം സംബന്ധിച്ച് ജില്ലാ കളക്ടറിൽനിന്നും റിപ്പോർട്ട് ലഭിക്കുന്നതിനനുസരിച്ച് നടപടി സ്വീകരിക്കുന്നതാണ്.

ഭൂതത്താൻകെട്ടിലുള്ള പുരാവസ്തു സംരക്ഷണം

95 (1531) ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെരിയാർ നദീതീരത്തെ ഭൂതത്താൻകെട്ടിലുള്ള പുരാവസ്തു സംരക്ഷണത്തിന് സ്വീകരിച്ച് വരുന്ന നടപടികൾ എന്തെല്ലാമെന്നു വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പുരാവസ്തു ദീർഘനാളായി സംരക്ഷിക്കാതെ കിടക്കുന്നതുമൂലം അവ നശിച്ച് പോകാനുള്ള സാദ്ധ്യത കണക്കിലെടുത്ത് എന്തെല്ലാം അടിയന്തര നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(സി) ഇതിന്റെ സംരക്ഷണത്തിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തുമോ. എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?